**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **30-01-2024 - ൽ മറുപടിയ്ക്ക്**

**സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മുപ്പത് വർഷത്തിനുള്ളിൽ മറ്റേത് രാജ്യത്തെക്കാളും ഊർജം ആവശ്യമുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന ഇന്റർനാഷണൽ എനർജി ഏജൻസിയുടെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | • ഉണ്ട്. സൗരോർജ്ജത്തിലൂടെയുള്ള വൈദ്യുതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകൾക്കും സ്ഥാപനങ്ങൾക്കും നെറ്റ് മീറ്ററിംഗ്, ബാങ്കിംഗ്, വീലിംഗ് തുടങ്ങിയ സംവിധാനങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ വീടുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതിയുടെ പരിധിയിൽ വരുന്ന നിലയങ്ങളുടെ നിർമ്മാണത്തിന് ചെലവാകുന്ന തുകയ്ക്ക് MNRE അനുവദിച്ചിട്ടുള്ള സബ്സിഡിയും നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിലേക്ക് നൽകുന്ന മിച്ച വൈദ്യുതിക്ക് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വിലയും ഉപഭോക്താവിനു നൽകി വരുന്നു.<br><br>സർക്കാർ / പൊതുസ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ടിന്റെ 10% ധനസഹായത്തോടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>• സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br>• തിരുവനന്തപുരം നഗരം സോളാർ സിറ്റി ആയി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br>• സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പവർ |

| | | | |
|---|---|---|---|
| | | | പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br>• വിദൂര ആദിവാസി കോളനികളിൽ സോളാർ / വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br>• ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ/ BPL വീടുകളിൽ/പുനർഗേഹം വീടുകളിൽ സൗജന്യമായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) | വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജം ഉല്പാദിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. സൗരോർജ്ജത്തിലൂടെയുള്ള വൈദ്യുതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകൾക്കും സ്ഥാപനങ്ങൾക്കും നെറ്റ് മീറ്ററിംഗ്, ബാങ്കിംഗ്, വീലിംഗ് തുടങ്ങിയ സംവിധാനങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ വീടുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതിയുടെ പരിധിയിൽ വരുന്ന നിലയങ്ങളുടെ നിർമ്മാണത്തിന് ചെലവാകുന്ന തുകയ്ക്ക് MNRE അനുവദിച്ചിട്ടുള്ള സബ്സിഡിയും നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിലേക്ക് നൽകുന്ന മിച്ച വൈദ്യുതിക്ക് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വിലയും ഉപഭോക്താവിനു നൽകി വരുന്നു.<br><br>സർക്കാർ / പൊതുസ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ടിന്റെ 10% ധനസഹായത്തോടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>• സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br>• തിരുവനന്തപുരം നഗരം സോളാർ സിറ്റി ആയി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br>• സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br>• വിദൂര ആദിവാസി കോളനികളിൽ സോളാർ / വിൻഡ് സോളാർ ഹൈബ്രിഡ് പവർ |

| | | | |
|---|---|---|---|
| | | | പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br>• ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ/ BPL വീട്ടുകളിൽ/പുനർഗേഹം വീട്ടുകളിൽ സൗജന്യമായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സബ്സിഡി ഉൾപ്പെടെ ഉചിതമായ ആനുകൂല്യങ്ങൾ നൽകി പുരപ്പുറ സോളാർ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് (ലൈഫ് മിഷൻ വീട്ടുകളിൽ / BPL വീട്ടുകളിൽ/'പുനർഗേഹം') സൗജന്യമായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന ഹരിത വരുമാന പദ്ധതി, ഗാർഹിക മേഖലയിൽ സബ്സിഡിയോടുകൂടി സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുന്ന 'സൗരതേജസ് 'പദ്ധതി എന്നിവ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ. മുഖേന സാമ്പത്തികശേഷി ഇല്ലാത്തവർക്ക് പാലക്കാട് ജില്ലയിൽ ചിറ്റൂർ മേഖലയിൽ കുഴൽമന്ദം എന്ന സ്ഥലത്ത്, സബ്സിഡിക്കു പുറമെ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി 18 എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് 2 കിലോ വാട്ട് സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാൻ നിലവിലുള്ള ഫോറങ്ങളിൽ സോളാർ ഉപഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കളുടെ പരാതി പരിഹാര ഫോറമായ, കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറത്തിൽ ഉപഭോക്താക്കളുടെ പ്രതിനിധിയെ (കൺസ്യൂമർ/പ്രൊസ്യൂമർ) കൂടി ഉൾപ്പെടുത്തി ആകെ അംഗങ്ങളുടെ എണ്ണം നാലാക്കി, കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം ആന്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ റഗുലേഷൻസ്, 2023 പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റഗുലേഷൻ നവംബർ 20, 2023 – ൽ കേരള ഗസറ്റിൽ ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം മെമ്പറായി സോളാർ ഉപഭോക്താവും ഉൾപ്പെടാവുന്നതാണ്. |
| (ഇ) | സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരപ്പുറ സോളാർ പദ്ധതി എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ പുരപ്പുറ സോളാർ പദ്ധതിയിൽ, കെ.എസ്.ഇ.ബി.എൽ. മുഖേന 600 പ്ലാന്റുകളിൽ നിന്നായി 11.48 മെഗാവാട്ട് ഉല്പാദന ശേഷി കൈവരിച്ചിട്ടുണ്ട്. കൂടാതെ അനെർട്ട് മുഖേന ഡെപ്പോസിറ്റ്/കോൺസൾട്ടൻസി/ RESCO പദ്ധതിയായി 26 MW പുരപ്പുറ സൗരോജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ